ഉത്തരം

കുടിശ്ശിക പെൻഷനുകൾ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

**സാമൂഹ്യസുരക്ഷാ പദ്ധതികളും ഇതരക്ഷേമ പദ്ധതികളും**

**183 (6888)** ശ്രീ. പിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട് നിലവിലുള്ളതായ സാമൂഹ്യ സുരക്ഷാ പദ്ധതികളും ഇതര ക്ഷേമപദ്ധതികളും ഏതെല്ലാമെന്നുള്ള വിവരം ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതികൾ സംബന്ധിച്ചുള്ള വിശദാംശം ഇനം തിരിച്ച് വ്യക്തമാക്കാമോ ;

(സി) ഇത്തരം പദ്ധതികൾക്കായി കേന്ദ്രഫണ്ട് ലഭ്യമാക്കുന്നുണ്ടോ ;

(ഡി) എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു.*

(ബി) അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു.*

(സി) രാഷ്ട്രീയ സ്വാസ്ത്യ ബീമാ യോജന പദ്ധതി മാത്രമാണ് കേന്ദ്രാവിഷ്കൃത പദ്ധതി. അതിന് കേന്ദ്ര ഫണ്ട് ലഭ്യമാകുന്നുണ്ട്.

(ഡി) രാഷ്ട്രീയ സ്വാസ്ത്യ ബീമാ യോജന പ്രകാരം ഓരോ കുടുംബത്തിനും സ്മാർട്ട് കാർഡിന്റെ വിലയായ 60 രൂപ ഉൾപ്പെടെ 738 രൂപയാണ് പ്രീമിയം തുക. ടി പ്രീമിയം തുകയുടെ 75 ശതമാനം കേന്ദ്ര സർക്കാരും 25 ശതമാനം തുക സംസ്ഥാന സർക്കാരും വഹിക്കുന്നു.

**ക്ഷേമനിധികളിലെ വ്യാജ അംഗത്വം**

**184 (6889)** ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷേമനിധികളിൽ വ്യാജ അംഗത്വമുള്ളവരെ കണ്ടുപിടിക്കുവാൻ സംവിധാനമുണ്ടോ ; വിശദമാക്കുമോ ;

(ബി) ക്ഷേമനിധികളിലെ വ്യാജ അംഗത്വം കണ്ടുപിടിച്ച് റദ്ദ് ചെയ്യാൻ എന്തെല്ലാം നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നു ; വിശദാംശങ്ങൾ എന്തെല്ലാം ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതിനായി ആധാർ കാർഡുകളുമായി ക്ഷേമനിധി അംഗങ്ങളെ ബന്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) ക്ഷേമനിധി ബോർഡുകളുടെ ഡിജിറ്റൈസേഷന്റെ ഭാഗമായി അംഗങ്ങളായ തൊഴിലാളികളുടെ പേര് വിവരങ്ങൾ അഡ്വാൻസ് ഇൻഫർമേഷൻ ഇന്റർഫെയ്സ് സിസ്റ്റത്തിൽ ഉൾപ്പെടുത്തിയതിലൂടെ ഒന്നിലധികം ക്ഷേമനിധിയിൽ അംഗത്വമുള്ളവരെ കണ്ടെത്താൻ കഴിയുന്ന സംവിധാനം നിലവിലുണ്ട്.

(ബി) ക്ഷേമനിധി ബോർഡുകളിലെ അംഗങ്ങളുടെ ഡിജിറ്റൈസേഷൻ നടപടിയിൽ യു.ഐ.ഡി., ബാങ്ക് അക്കൗണ്ട് നമ്പർ എന്നിവ ഉൾപ്പെടുത്തിയതിലൂടെ ഡ്യൂപ്ലിക്കേഷനാണെന്ന് കണ്ടെത്തിയ അംഗത്വം റദ്ദ് ചെയ്യാൻ സാധിച്ചിട്ടുണ്ട്.

(സി) പരിശോധിക്കുന്നതാണ്.

(ഡി) ക്ഷേമനിധി ബോർഡുകളിലെ വ്യാജ അംഗത്വം തടയുകയെന്ന ലക്ഷ്യത്തോടെ, ഡിജിറ്റൈസേഷന്റെ ഭാഗമായി അംഗങ്ങളുടെ ബാങ്ക് അക്കൗണ്ട് സംബന്ധിച്ച വിവരങ്ങളും മറ്റ് വിവരങ്ങളും കമ്പ്യൂട്ടറിൽ അപ്‌ലോഡ് ചെയ്യുന്നതിനോടൊപ്പം അവരുടെ ആധാർ നമ്പർ കൂടി ഉൾപ്പെടുത്തുന്നതിന് അക്ഷയകേന്ദ്രങ്ങൾക്ക് നിർദ്ദേശം നൽകുകയും അപ്രകാരം ആധാർ നമ്പർ കൂടി ഉൾപ്പെടുത്തുകയും ചെയ്തിരുന്നു.

**വിവിധ ക്ഷേമനിധി ബോർഡുകളുടെ സംയോജനം**

**185 (6890)** ശ്രീ. വി. ടി. ബൽറാം :
ശ്രീ. പാലോട് രവി :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ ക്ഷേമനിധി ബോർഡുകളെ സംയോജിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഒന്നിലധികം ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളായവരുടെ അംഗത്വം റദ്ദാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly